# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 115 09.06.2014-ൽ മറുപടിക്ക്

**പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ജി.എസ്.ജയലാൽ** | | **ശ്രീ.കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ തെക്കും ഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിന് അടിസ്ഥാന പഠനങ്ങൾ നടത്തുന്നതിലേക്ക് എത്ര രൂപയാണ് അനുവദി ച്ചതെന്നും എന്നൊക്കെയാണ് തുകകൾ അനുവദിച്ചതെന്നും അറിയിക്കുമോ; | (എ) | കൊല്ലം ജില്ലയിലെ സൗത്ത് പരവൂരിൽ മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുവേണ്ടി ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾക്ക് 12 ലക്ഷം രൂപയുടെ ഭരണാനുമതി 26.12.2008-ലും 40 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി 30.03.2013-ലും നൽകിയിരുന്നു. മാതൃകാപഠനം നടത്തുന്നതിന് CWPRS, പൂനെ 52,86,130/- രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. മൊത്തം തുകയും മുൻകൂർ നൽകിയാൽ മാത്രമേ പഠനം ഏറ്റെടുക്കുകയുള്ളുവെന്ന് CWPRS അറിയിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത കാരണം 31.99 ലക്ഷം രൂപ CWPRS-ന് നൽകി ആദ്യഘട്ടത്തിൽ നടത്തേണ്ട പഠനങ്ങളുമായി മുന്നോട്ട് പോകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മാതൃകാപഠനത്തിനും തുടർപഠനങ്ങൾക്കും മേൽ ഭരണാനുമതി തുക അപര്യാപ്തമായതിനാൽ 81 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത തുക ഉപയോഗിച്ച് നാളിതുവരെ നടത്തിയിട്ടുള്ള പഠനങ്ങളും ആയതിന്റെ വിശദാംശങ്ങളും അറിയി ക്കുമോ; എന്നത്തേക്ക് പ്രസ്തുത പഠനങ്ങൾ പൂർത്തീകരി ക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്നും അറിയിക്കുമോ; അവശേഷിക്കുന്ന പ്രവർത്ത നങ്ങൾ എന്തൊക്കെയാണ്; | (ബി) | 40 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭിച്ചതനുസരിച്ച് ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾ പൂർത്തീകരിച്ചു. മാതൃകാപഠനത്തിന് CWPRS, പൂനെ എന്ന സ്ഥാപനത്തെ ചുമതലപ്പെടു ത്തിയിട്ടുണ്ട്. മാതൃകാ പഠന ത്തിനുശേഷം പരിസ്ഥിതി പഠനം നടത്തി പരിസ്ഥിതി ക്ലിയറൻസ്, കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി, CESS-ൽ നിന്നുള്ള CRZ Status report, വിശദമായ രൂപരേഖ |